**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2233** — **06.02.2019 -ൽ മറുപടിക്ക്.**

## റേഷൻ വിതരണവും കരാറുകാരും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| എ) സർവർ തകരാറും വാതിൽപ്പടി വിതരണം സംബന്ധിച്ച തർക്കങ്ങളും മൂലം സംസ്ഥാനത്ത് റേഷൻ വിതരണം നിരന്തരം താറുമാറാകുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണ ശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിൽ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിച്ചിരുന്നു. ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽ തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഗോഡൗണിൽ നിന്ന് റേഷൻ കടകളിലേക്ക് സാധനങ്ങൾ എത്തിക്കുമ്പോൾ അവ തൂക്കി നൽകണമെന്ന് ചട്ടമുണ്ടോ; ഇതിനായി ഒരു നിശ്ചിത തുക കരാറുകാർക്ക് സർക്കാർ നൽകുന്നുണ്ടോ; | (ബി) | ഉണ്ട്. ഇത് പരിഗണിച്ചാണ് കോൺട്രാക്ട് നിശ്ചയിക്കുന്നത്. |
| (സി) എങ്കിൽ ഈ തുക കൈപ്പറ്റിയിട്ടും റേഷൻ കടക്കാരെ തൂക്കം ബോദ്ധ്യപ്പെടുത്താൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ഇല്ല. |
| (ഡി) കരാറുകാരും ഉദ്യോഗസ്ഥരും ചേർന്ന് ഗോഡൗണുകളിൽ നിന്ന് അരി മോഷ്ടിക്കുന്നതായി വിജിലൻസ് കണ്ടെത്തുകയുണ്ടായോ; | | |
| (ഇ) പ്രതിമാസം 50 കോടിയോളം രൂപയുടെ ഭക്ഷ്യധാന്യം ഗോഡൗണുകളിൽ നിന്ന് കരിഞ്ചന്തയിലെത്തുന്നതായ റിപ്പോർട്ടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ